# കടലറിവും മൽസ്യബന്ധനവും അഴിക്കോട് നിന്നുള്ള കാഴ്ചകൾ

*Project submitted to the University of Calicut in partial fulfillment of*

*the requirements for the degree of*

**Bachelor of Arts**

**In**

**English and History**

**by**


**Akhilnath K.M**

**Reg.No. CCASADER13**


**March 2021**


**Department of B.A. English & History**

**Christ College (Autonomous), Irinjalakuda**

**Kerala-680125**

# Declaration

I, Akhilnath K.M, hereby declare that this project entitled **കടലറിവും മൽസ്യബന്ധനവും അഴിക്കോട് നിന്നുള്ള കാഴ്ചകൾ** submitted to the University of Calicut in partial fulfillment of the requirements for the award of the Degree of Bachelor of Arts in English and History, is a research work done by me under the supervision and guidance of **Dr.George Alex,** Coordinator, Department of English & History, Christ College (Autonomous), Irinjalakuda.

**Akhilnath K.M**

Irinjalakuda

Reg No. CCASADER13

March 2021

Department of B.A. English & History

Christ College (Autonomous)

Irinjalakuda-680125

# Certificate

This is to certify that this project entitled **കടലറിവും മൽസ്യബന്ധനവും അഴിക്കോട് നിന്നുള്ള കാഴ്ചകൾ** is a record of research work carried out by **Mr. Akhilnath K.M** under my supervision and guidance in partial fulfillment of the requirements for the award of the degree of Bachelor of Arts in English and History submitted to the University of Calicut.

**Dr. George Alex**

Coordinator, Dept. of English & History

Christ College (Autonomous)

Irinjalakuda

**Dr.George Alex**

Supervising Teacher & Coordinator of

Dept. Of English &History

Christ College (Autonomous)

Irinjalakuda

## Acknowledgement

I owe my gratitude to God for his endless blessings and intervention in helping me complete my project without any hassles and on time. I am indebted to my supervising teacher and Coordinator, Dr. George Alex, Department of English & History, Christ College (Autonomous), Irinjalakuda, for guiding me throughout the project and for the countless hours and effort she put in to help complete my project.

I am eternally grateful to Dr. Jolly Andrews CMI, the principal, Christ College (Autonomous), Irinjalakuda for the congenial research he has always tried to foster.

I thank my dear brothers from the bottom of my heart for all the material and information he generously handed out to me for this project.

I owe my Thank You to my parents, my teachers, my friends and all those who have helped me directly and indirectly, in the successful completion of this project work.

**Akhilnath K.M**

# Contents


| Chapters | Contents | Page Number |
| --- | --- | --- |
| | Introduction | 1-3 |
| Chapter 1 | പരമ്പരാഗത കടലറിവുകൾ | 4-8 |
| Chapter 2 | പരമ്പരാഗത  മൽസ്യബന്ധനം | 9-16 |
| Chapter 3 | ആധുനിക മൽസ്യബന്ധന രീതികൾ | 17-23 |
| | Conclusion | 24-25 |
| | ഗ്രന്ഥസൂചി | 26 |
| | ആവേദകർ | 26 |
| | അനുബന്ധം | 27-30 |

# Introduction

സംഘകാലസാഹിത്യത്തിൽ നെയ്തൽതിണയെക്കുറിച്ചും അവിടുത്തെ ജന വിഭാഗങ്ങളെക്കുറിച്ചും പരാമർശമുണ്ട്. മീനവർ, പരതവർ, ഉമണർ തുടങ്ങിയവരായിരുന്നു ഇവിടുത്തെ പ്രധാനജനവിഭാഗങ്ങൾ ഉപ്പുണ്ടാക്കലും മത്സ്യബന്ധനവുമായിരുന്നു നെയ്തൽതിണനിവാസികളുടെ പ്രധാന തൊഴിലുകൾ സംഘകാലത്തെ നെയ്തൽ തിണയ്ക്ക് തുല്യമാണ് ഇന്നത്തെ തീരപ്രദേശങ്ങൾ . കേരളത്തിന്റെ തീര പ്രദേശങ്ങളിൽ ഇപ്പോഴും മുഖ്യതൊഴിൽ മത്സ്യബന്ധനം തന്നെയാണ്.

കേരളത്തിന് അഞ്ഞൂറ്റിഎൺപത് കിലോമീറ്റർ കടൽത്തീരമുണ്ട്. എന്നാൽ നമ്മുടെ ചരിത്രമോ സാഹിത്യമോ കടലോരത്തേയും അവിടുത്തെ മനുഷ്യരേയും വേണ്ടത്ര പരിഗണിച്ചിട്ടില്ല. ചെമ്മീൻ പോലെയുള്ള സാഹിത്യകൃതിളാണ് തീരദേശത്തെക്കുറിച്ച് സാധാരണ ജനങ്ങൾക്കിടയിൽ ഒരു ധാരണ രൂപപ്പെടുത്തുന്നത്. ചെമ്മീൻ മുന്നോട്ടുവച്ച കാഴ്ചപ്പാടിൽ നിന്നും തീരദേശത്തെക്കുറുച്ചുള്ള ധാരണകൾ ഇന്നും ഏറെയൊന്നും മുന്നോട്ടു പോയിട്ടില്ല. പഴയകാലത്ത്, തീരദേശത്തെ കീഴാള സംസ്കാരം ചരിത്രവും സാഹിത്യവും രേഖപ്പെടുത്താൻ മടിച്ചിരുന്നു. എന്നാൽ കീഴാളചരിത്രങ്ങളും പഠിക്കപ്പെടേണ്ടതാണെന്ന ധാരണ പുതിയകാലത്ത് രൂപപ്പെട്ടുവരുന്നുണ്ട്. അതിന്റെ ഫലമായി തീരദേശവും അവിടുത്തെ ജീവിതവും സംസ്കാരവും പഠനവിധേയമാക്കാമെന്നുവന്നു. അത്തരത്തിൽ പ്രസ്ക്തമായ വിഷയമാണ്. കടലറിവും മത്സ്യബന്ധനവും അഴീക്കോട് നിന്നുള്ള കാഴ്ചകൾ (അഴീക്കോട് എന്ന തീരപ്രദേശത്തെ മുൻനിർത്തിയുള്ള പഠനം) തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിലെ അഴീക്കോട് എന്ന തീരദേശമേഖലയിലെ ജനങ്ങളുടെ ജീവിതരീതികളും തൊഴിൽ സംബന്ധിതയായ അറിവുകളും ആണ് പ്രബന്ധത്തിൽ അവതരിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയുടെ തെക്കുപടിഞ്ഞാറു ഭാഗത്ത് പെരിയാറും അറബിക്കടലും ചേരുന്നതിന് വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് എറിയാട് ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 16.75 ചതുരശ്രകിലോമീറ്ററാ

ണ്. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ പെരിയാറിന്റേത് വാർഡു കൈവഴി യായ കാഞ്ഞിരപ്പുഴയും പടിഞ്ഞാറ് അറബിക്കടലുമാണ്. ഒരു തീരദേശ പഞ്ചായ ത്തായ എറിയാട് ഗ്രാമപഞ്ചായത്തിൽ ഒൻപത് വാർഡുകൾ കടൽത്തീരവുമായി ബന്ധ പ്പെട്ടു കിടക്കുന്നു. അറബിക്കടലിന്റെയും പെരിയാറിന്റെയും തീരത്ത് സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിലെ സമ്പദ്വ്യവസ്ഥയിലും ജീവിതരീതിയിലും മത്സ്യമേ ഖല ആദ്യകാലംമുതലേ നിർണായക സ്വാധീനം ചെലുത്തി വരുന്നു. ഇവിടുത്തെ ജനങ്ങൾ ജീവിതായോധനത്തിനായി നടത്തുന്ന മത്സ്യബന്ധനം എന്ന തൊഴിൽ മേഖ ലയിൽ നിലനിൽക്കുന്ന പ്രാചീനവും പരമ്പരാഗതവുമായ അറിവുകളെ പ്രബന്ധ ത്തിൽ ക്രോഡീകരിക്കുന്നു. കൂടാതെ അഴീക്കോട് പ്രദേശത്തെ പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്ക് അറിയാവുന്ന പരമ്പരാഗത രീതിയിലുള്ള മത്സ്യബന്ധനരീതി കളെ പരിചയപ്പെടുത്തുകയും, ആധുനിക മത്സ്യബന്ധന രീതികളുടെ കടന്നുവര വോടെ മത്സ്യബന്ധന മേഖലയിൽ സംഭവിച്ചമാറ്റങ്ങളെ അപഗ്രഥിക്കുകയും ചെയ്യു ന്നു.

തീരദേശമേഖലയിലെ മത്സ്യതൊഴിലാളികൾക്ക് അറിയാവുന്ന പ്രത്യേകമായ ചില പരമ്പരാഗത കടലറിവുകൾ ആണ് ഒന്നാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. പരമ്പരാഗത രീതിയിലുള്ള മത്സ്യബന്ധനരീതിയും മത്സ്യവിപണനവും സമ്പ ദ്വ്യവസ്ഥയുമാണ് രണ്ടാം അദ്ധ്യായത്തിൽ പരാമർശിക്കപ്പെടുന്നത്. ആധുനികരീതി യിലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടുമ്പോൾ പരമ്പരാഗത മത്സ്യബന്ധനരീതിയിൽ വന്നുചേർന്നമാറ്റങ്ങളാണ് മൂന്നാം അധ്യായത്തിൽ പഠിപ്പിക്കപ്പെടുന്നത്.

## Objective of the Study

കടലറിവുളെക്കുറിച്ചും മത്സ്യബന്ധനത്തെക്കുറിച്ചും കുടൂതൽ അറിയുന്നതിന് .

## Source

ഈ പഠനത്തിന് പ്രാഥമിക സ്രോതസ്സുകളായി അഭിമുഖവും സെക്കന്ററി സ്രോത സുകളായി പുസ്തകങ്ങളും ഉപയോഗിച്ചിട്ടുണ്ട്.

## Design of Study

ആമുഖവും നിഗമനവും കൂടാതെ 3 അദ്ധ്യായങ്ങളിലായി തരം തിരിച്ചിരിക്കുന്നു.

# Chapter 1

## പരമ്പരാഗത കടലറിവുകൾ

കടലിൽ പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു കടലിന്റെ സ്വഭാവവും കാലാവസ്ഥയും നക്ഷത്രങ്ങളും മറ്റും സുപരിചിതമായിരുന്നു. കടലൊഴുക്ക്, കാറ്റിന്റെ ഗതി, ദിക്കറിയൽ, മത്സ്യത്തിന്റെ വരവ്, മഴ തുടങ്ങി ഒട്ടെല്ലാകാര്യങ്ങളെക്കുറിച്ചും ഇവർക്ക് തനതായ ചില അറിവുകളുണ്ടായിരുന്നു. ഇതായിരുന്നു അവരെ കടലിൽ നയിച്ചിരുന്നത്.

### പരമ്പരാഗത കടലറിവുകളുടെ പ്രാധാന്യം

സമൂഹത്തിലെ ദുർബലരായ തീരദേശവാസികൾ കാലങ്ങളായി അനുവർത്തിച്ച് ഉപജീവിച്ചുപോരുന്ന തൊഴിലാണ് മീൻപിടുത്തം. പ്രകൃതിയെയും പ്രകൃതിപ്രതിഭാസങ്ങളെയും സൂക്ഷമമായി നിരീക്ഷിച്ച് ആ മാറ്റങ്ങൾക്കനുസൃതമായി സാഹസികമായി തൊഴിലെടുക്കുന്ന ഇവരുടെ പരമ്പരാഗത അറിവുകൾ സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. കേരളത്തിൽ മൂന്നുലക്ഷത്തോളം പേർ നേരിട്ട് തൊഴിലെടുക്കുകയും അതിന്റെ ഇരട്ടിയോളം പേർ അനുബന്ധ തൊഴിലെടുക്കുകയും ചെയ്യുന്ന ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് കേരളഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) 2013 ൽ പണ്ഡിറ്റ് കറുപ്പന്റെ പേരിൽ ഒരു ചെയർ സ്ഥാപിച്ച് വസ്തുനിഷ്ഠമായ രീതിയിൽ കടലറിവുകളും പരമ്പരാഗത മീൻപിടുത്തക്കാരുടെ ജീവിതരീതിയും പാരമ്പര്യവും ഉൾപ്പടെയുള്ള വിലപ്പെട്ട വിവരങ്ങൾ ക്രോഡീകരിക്കാൻ ശ്രമിക്കുകയും 500ൽ പരം അനുഭവസ്ഥരായ വിദഗ്ദരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച്  നിഗമനങ്ങളിൽ എത്തുകയും ചെയ്തു. ഈ അറിവുകളുടെ ചിന്ത ഇതാ.

### നീരൊഴുക്കും മീൻപിടുത്തവും

നീരൊഴുക്കും പ്രവാഹവും കടലിന്റെ തനതു പ്രത്യേകതയാണ്. ഇത് ചന്ദ്രനുമായി ബന്ധപ്പെട്ട കാര്യമാണെന്നും തന്മൂലം ഉണ്ടാവുന്ന വേലിയേറ്റവും വേലിയിറ

ക്കവും മീൻപിടിത്തത്തെബാധിക്കുന്നതാണെന്നും പരമ്പരാഗത മീൻപിടുത്തക്കാർക്ക് അറിയാം. കാറ്റും നീരും പിശകുമ്പോൾ അതിരൂക്ഷമായ തിരമാലകൾ ഉണ്ടാവുമെന്നും ഒഴുക്കിന്റെ ഗതി മീൻപിടിത്തത്തിന് പ്രതികൂലമാകുമെന്നും നേരിട്ടറിയാവുന്നവർ. വിവിധ ദിശകളിലേക്ക് വലിയുള്ള നീരൊഴുക്കുകൾ മീൻപിടുത്തത്തിന് എത്രമാത്രം ഗുണകരമാകുമെന്ന് മനസ്സിലാക്കിയിട്ടു മാത്രമേ വല എറിയാറുള്ളു. അന്തരീക്ഷ വ്യതിയാനത്തിൽ, കാർമേഘങ്ങൾ രൂപംകൊള്ളുന്നത് എപ്രകാരമെന്നും അതിന്റെ ഭാവപ്രകടനങ്ങൾ എങ്ങിനെയൊക്കെ ആവാമെന്നും മുൻകൂട്ട് പ്രവചിക്കുകയും ചെയ്യും. തക്കം നോക്കി മീൻപിടിക്കാനും കെടുതികളിൽ നിന്ന് രക്ഷപ്പെടാനും എപ്പോഴും ജാഗ്രതയും പുലർത്തും. കാലാവസ്ഥ വ്യതിയാനവും കാറ്റും കോളും പ്രകൃതിക്ഷോഭങ്ങളും നീരൊഴുക്കും മീൻപിടിത്തത്തിനു പറ്റിയതല്ലെന്നു കണ്ടാൽ തൊഴിലുപേക്ഷിച്ച് ക്ഷിപ്രവേഗത്തിൽ പ്രാണനുംകൊണ്ട് കര താണ്ടാനും അനിതരസാധാരണമായ വൈഭവം അവനർക്കുണ്ട്. അതുപോലെത്തന്നെ കടൽ ക്ഷോഭിക്കുന്ന ഇടവപ്പാതി അവസരങ്ങളിൽ തിരയുടെ ആഞ്ഞടിക്കൽ യഥോചിതം മനസ്സിലാക്കി ഇടയാളത്തിന്റെ (ഒന്നും രണ്ടും പടിക്കടലിനിടയിൽ 12-18 മീറ്റർ വീതിയിൽ ചിലയിടത്ത് കാണപ്പെടുന്ന താരതമ്യേന ശാന്തമായ പ്രദേശം) സൗകര്യം പ്രയോജനപ്പെടുത്തി ആപത്തുകൂടാതെ മീൻപിടുത്ത വഞ്ചി ക്ഷിപ്രവേഗം കടലിലേക്കും വേല കഴിഞ്ഞ് തിരിച്ച് കരയിലേക്കും കുതിച്ചു പായിക്കാൻ അവർ പ്രകടിപ്പിക്കുന്ന സാഹസികത നിശ്ചയമായും ആശ്ചര്യം ഉളവാക്കുന്നതാണ്.

## അന്തരീക്ഷനിരീക്ഷണത്തിലൂടെ മീൻവരവ് പ്രവചിക്കൽ

ചില രാത്രികളിൽ ആകാശത്തെമ്പാടും നക്ഷത്രക്കൂട്ടങ്ങൾ മിന്നുമ്പോൾ അവയുടെ സ്ഥാനവും വ്യാപ്തിയും സ്വഭാവവും അനുസരിച്ച് മീൻകാടിയാണെന്നു നിരീക്ഷിച്ച് രണ്ടുമൂന്ന് ദിവസത്തിനകം മത്സ്യക്കൂട്ടങ്ങൾ തീരക്കടലിൽ എത്തിച്ചേരുമെന്ന് അവർ പ്രവചിക്കുന്നത് മിക്കവാറും തെറ്റാറില്ല. ചില വൈകുന്നേരങ്ങളിൽ, പ്രത്യേകിച്ച് ചക്രവാളങ്ങളിൽ സാർവത്രികമായി കുങ്കുമരാശി പരിലസിക്കുമ്പോൾ അയല

യുടെ കടന്നുവരവിനെയാണ് അത് സൂചിപ്പിക്കുന്നതെന്ന നിഗമനം പാഴാവാറില്ല.

കൂടാതെ കടലിന്റെ ഉപരിതലത്തിലേക്ക് നുരയും പതയുമായി കുമിളകൾ ഉതിർക്കുമ്പോൾ ചാളക്കൂട്ടങ്ങൾ അടിയിലൂടെ കടന്നുപോകുന്നുണ്ടെന്ന് തിരിച്ചറിഞ്ഞ് തത്സമയം വല പെയ്ത് അവ ധാരാളമായി കോരിയെടുക്കുന്നതും സവിശേഷമായ പ്രക്രിയയാണ്. അയലക്കൂട്ടങ്ങൾ ആഴത്തിൽക്കൂടി സഞ്ചരിക്കുമ്പോൾ ഉപരിതല ങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കെറവ് (വെള്ളത്തിന്റെ ചെറിയ ചുഴികൾ) കണ്ട് വലയെ റിഞ്ഞ് സാമാന്യമായി മീൻപിടിക്കുന്നതും നാട്ടറിവിന്റെ മകുടോദാഹരണങ്ങളാണ്. കൂടാതെ കൂരിയും ഏട്ടയും നീന്തലിനടിയിൽ മതിയം കാണിക്കുന്നതും മീൻപിടിത്തം എളുപ്പമാക്കാറുണ്ട്. മാത്രവുമല്ല, കടൽപക്ഷികൾ, കൂട്ടത്തോടെ ചില പ്രദേശങ്ങളിൽ പറന്നുവീഴുന്നതും ഇരയെടുത്ത് തിരിച്ച് പറന്നുയരുന്ന കേന്ദ്രവും ദിശയും മീൻകൂ ട്ടങ്ങളുടെ വരവിനെ സൂചിപ്പിക്കുന്നതാണെന്നു മനസ്സിലാക്കി അതിവേഗം അവിടെ ചെന്ന് ധാരാളംമത്സ്യങ്ങളെ പിടിച്ചെടുക്കുന്നതും നാട്ടറിവുകളുടെ പിൻബലത്തിലാ ണ്.

**ചാകരയും പോളവീഴലും**

ഇടവപ്പാതിയിൽ കേരളതീരത്ത് വഴുവഴുപ്പൻ ചളിനിറഞ്ഞ ചില പ്രദേശങ്ങ ളിൽ ചാകര പ്രത്യക്ഷപ്പെടാറുണ്ട്. തികച്ചും ഒരു ഭൗതിക‐ രാസ‐ ജൈവ പ്രതിഭാസ മെന്ന് വിശേഷിപ്പിക്കുന്ന ശാന്തമായ കടൽപരപ്പാണത് (ചളിത്തട്ട്). തീരത്തോടടുത്ത് രണ്ടുമൂന്നു കിലോമീറ്റർ ദൂരത്തിൽ അർദ്ധവൃത്താകൃതിയിൽ രൂപപ്പെടുന്ന പ്രസ്തുത പ്രതിഭാസത്തിന്റെ ചുറ്റുപാടും പ്രക്ഷുബ്ധമായ തിരമലകളാൽ മുഖരിതമാകും. ചാക രപ്രദേശം ആകപ്പാടെ പോഷകസമൃദ്ധവും ഉൽപ്പാദനമികവുള്ളതുമാകും. തീറ്റയ്ക്കും ചേക്കേറലിനും പറ്റിയ ശാന്തമായ ഇടമായതിനാൽ പരിസരപ്രദേശങ്ങളിൽ നിന്ന് ധാരാളം മീൻകൂട്ടങ്ങൾ ഇവിടേക്ക് കടന്നെത്തുക സ്വഭാവികമാണ്. അപകടം കൂടാതെ നല്ലപോലെ മീൻ പിടിച്ചെടുക്കാൻ വേണ്ടി നാനാഭാഗത്തുനിന്നും മത്സ്യത്തൊ ഴിലാളികൾ ഇവിടെ കേന്ദ്രീകരിക്കുകയും പലതരം മീൻപിടിത്ത രീതികൾ പ്രയേ

ഗിച്ച് ആവുന്നത്ര മത്സ്യ- ചെമ്മീൻ കോരിയെടുക്കുകയും ചെയ്യുന്നു. മീൻകച്ചവടക്കാരും വ്യാപാരികളും മറ്റു വാണിഭക്കാരും വന്നെത്തുന്നതോടെ പ്രദേശം ഒരു ഉത്സവഛായയയുടെ പ്രതീതിയിൽ മുങ്ങുന്നു. രണ്ടു മൂന്ന് മാസത്തിനകം വാർഷിക മത്സ്യോൽപ്പാദനത്തിന്റെ പകുതിയിലധികം മത്സ്യ - ചെമ്മീൻ ഇവിടങ്ങളിൽ നിന്ന് കരയ്ക്കണയുന്നത് പരമ്പരാഗതമായ മീൻപിടിത്തക്കാരുടെ സാമ്പത്തിക സാമൂഹിക പുരോഗതിയിൽ നല്ല പോലെ പ്രതിഫലിക്കാറുണ്ട്.

### പോളവീഴലും മീൻചാവലും

കാലവർഷത്തിനുശേഷം തീരക്കടലിൽ ചിലേടത്ത് അടിസ്ഥാന ഉൽപ്പാദനം ക്രമാതീതമായി പെരുകി അതിപോഷകത്വം സംഭവിക്കാറുണ്ട്. സൂക്ഷ്മ പായലുകളും സൂക്ഷ്മ ജീവികളും ധാരാളമായി വർദ്ധിച്ച് നാശത്തിൽ കലാശിക്കാറുണ്ട്. ചിലപ്പോൾ നോക്ട്ടിലൂക്ക പെരിഡീനിയം, സിറേഷ്യം എന്നീ ഡൈനോഫ്ളജലേറ്റുകൾ അമിതമായി പെരുകുമ്പോൾ വെള്ളം ചുവപ്പു നിറമായി തീരുന്നു. മീൻപിടിത്തക്കാർ ഇതിനെ പോളവീഴൽ എന്ന് വിശേഷിപ്പിക്കും. രാത്രിയിൽ സ്വയം പ്രകാശിക്കുന്ന (ബയോലൂമിനസെൻസ്) ഡൈനോഫ്ളജലേറ്റുകളെ സാധാരണയായി കാണാറുണ്ട് എന്ന് മത്സ്യത്തൊഴിലാളികൾ പറയും. ചീഞ്ഞളിഞ്ഞ വസ്തുക്കൾ പുറംതള്ളുന്ന മീഥേൻ, ഈഥേൻ, ഹൈഡ്രജൻ സൾഫൈഡ് എന്നീ വിഷവാതകങ്ങൾ വെള്ളത്തിൽ ലയിക്കുകയും പ്രാണവായുവിന്റെ തോത് നിശ്ശേഷമായി തീരുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ജലമേഖലയിലേക്ക് നീന്തിയെത്തുന്ന മത്സ്യങ്ങളും പ്രസ്തുത ജലം ഒഴുകിയെത്തുന്ന ഇടങ്ങളിൽ അകപ്പെടുന്ന മത്സ്യങ്ങളൊക്കെ കൂട്ടച്ചാവലിന് വിധേയമാവുന്നു. അത്തരം മത്സ്യങ്ങൾ കഴിക്കുന്നവർക്കും ഒരുപക്ഷേ വിഷജ്വാല ഏൽക്കേണ്ടി വരുന്നതും സംഭവിച്ചുകൂടായ്കയില്ല. ഉപരിയായി ചീഞ്ഞളിഞ്ഞ പായലുകളും ചണ്ടികളും മത്സ്യാവശിഷ്ടങ്ങളും മറ്റും കടൽ തീരത്ത് അടിയുമ്പോൾ വമിക്കുന്ന ദുർഗന്ധം ഏവരെയും പൊറുതിമുട്ടിക്കാൻ പര്യാപ്തമാകും. കടപ്പുറത്തിന്റെ സൗന്ദര്യം നഷ്ടപ്പെടുന്ന അവസ്ഥയിൽ ഒന്നര - രണ്ടു മാസത്തിനുശേഷമേ സാധാ

രണ ഗതി വീണ്ടെടുക്കാനാവൂ. പ്രസ്തുത സ്ഥിതിവിശേഷം ടൂറിസ വികസനവും മത്സ്യബന്ധനവും തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

പ്രാരംഭംമുതൽ തലമുറ കൈമാറി അനുവർത്തിച്ചുപോന്ന കടലറിവുകൾ ഏറെ ഫലപ്രദമായി ഇപ്പോഴും പരമ്പരാഗത മീൻപിടുത്തക്കാർ ഉപയോഗിച്ചുവരുന്നുണ്ട്. എന്നാൽ അവയുടെ ക്രോഡീകരണത്തിനോ വ്യാപനത്തിനോ വേണ്ടത്ര പരിഗണന കൊടുക്കുന്നില്ലെന്ന ദുഃഖസത്യം അവശേഷിക്കുന്നു. യന്ത്രവൽകൃത കാലഘട്ടത്തിൽ എത്തരം മത്സ്യങ്ങളും ചൂഷണം ചെയ്തെടുക്കാൻ നിഷ്പ്രയാസം സാധിക്കുമെങ്കിലും പ്രകൃതിസന്തുലനത്തിനുതകുന്നസമീപനം അതിൽ ഉൾക്കൊള്ളുന്നില്ലെന്നത് വളരെ ഗൗരപൂർവ്വം തിരിച്ചറിയേണ്ടതാണ്. മാത്രവുമല്ല, അവയുടെ പ്രയോഗരീതികൾ വിനാശകരവും വിഭവശോഷണത്തിനും മത്സ്യ- ചെമ്മീൻ നാശത്തിനും ഇടവരുത്തും. നേരെമറിച്ച്, പ്രകൃതിസൗഹൃദമായ രീതിയിൽ വിഭവസംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന ഒട്ടനവധി വിവരങ്ങളാണ് കടലറിവുകൾ പ്രദാനം ചെയ്യുന്നത്. അറിയപ്പെട്ടതിനെക്കാൾ തീവ്രശ്രമം എന്ന നിലയിൽ പ്രയോഗത്തിലുള്ള കടലറിവുകൾ സംരക്ഷിക്കാനും അറിയപ്പെടാത്തവയെ കണ്ടെത്തി ക്രോഡീകരിക്കാനും പ്രാമാണീകരിക്കാനും ഉചിതമായ പദ്ധതികൾ നിർവ്വഹിക്കപ്പെട്ടേ തീരു. സർക്കാരും ഇതര ഏജൻസികളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചാൽ കടലറിവുകളുടെ ഒരു സഞ്ചയം തന്നെ തയ്യാറാക്കാനും അനന്തര തലമുറയ്ക്ക് കൈമാറാനും സാധിക്കും.

## Chapter 2

### പരമ്പരാഗത മത്സ്യബന്ധനം

പരമ്പരാഗത മത്സ്യബന്ധന രീതി എന്നാൽ അവരവരുടെ പ്രദേശത്ത് നിന്നു തന്നെ മത്സ്യബന്ധനം നടത്തിയിരുന്ന രീതിയാണ്. ആദ്യകാലങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിനായി ചീഞ്ഞ തടി ചെത്തി നിർമ്മിച്ച വഞ്ചിയും, മുളകൊണ്ട് നിർമ്മിച്ച തണ്ട് എന്നിവയാണ് അഴീക്കോട് പ്രദേശത്തെ മത്സ്യതൊഴിലാളികൾ ഉപയോഗിച്ചിരുന്നത്. (വിവരങ്ങൾ നൽകിയത് ഇബ്രാഹീം, മത്സ്യതൊഴിലാളി). തണ്ട് എന്നാൽ ഒന്നര മീറ്റർ നീളമുള്ള മുള എടുത്ത് അതിൽ മരം കൊണ്ട് പത്തി നിർമ്മിക്കുന്നു. തണ്ട് കെട്ടാൻ മുക്കുറ്റി (മരക്കൊമ്പ്) ഉപയോഗിച്ചിരുന്നു. ഒരു വഞ്ചിയിൽ അഞ്ച് ആളുകളാണ് മത്സ്യബന്ധനം നടത്തിയിരുന്നത്. കൂടാതെ രണ്ട് പേർക്ക് മത്സ്യബന്ധനം നടത്താൻ തരത്തിലുള്ള മരവഞ്ചികളുമുണ്ടായിരുന്നു, ഇത് കൂടാതെ പായ കൊളുത്തി കാറ്റിന്റെ ഗതിക്കനുസരിച്ച് മത്സ്യബന്ധനവും നടത്തിയിരുന്നു.

ഒരു പ്രദേശത്ത് നിന്ന് തന്നെ നാലോ, അഞ്ചോ വഞ്ചികൾ ഒരു കൂട്ടമായാണ് പോയിരുന്നത്. അവർക്ക് രാത്രി കാലങ്ങളിൽ ദിശ അറിയുവാനായ് ഓരോ പ്രദേശത്തിന്റെയും കടൽത്തീരങ്ങളിൽ തീ കത്തിച്ചിടുമായിരുന്നു. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് കര കണ്ടെത്തുവാൻ സാധിച്ചിരുന്നു. ഇതിന് പുറമെ ദിശമനസ്സിലാക്കാൻ അവർ പലരീതികളും ഉപയോഗിച്ചിരുന്നു അതിലൊന്നാണ് നക്ഷത്രങ്ങളെ വീക്ഷിച്ച് കര മനസ്സിലാക്കുന്നത്. മറ്റൊന്ന് രാത്രിയിലെ നിലാവ് നോക്കി കര കണ്ടെത്തുന്നതാണ്. ഇത് മുഖേന അവർ തീരങ്ങളിലേക്ക് തിരിച്ചെത്തുകയും അതത് പ്രദേശങ്ങളിൽ തന്നെ കച്ചവടം നടത്തുകയും ചെയ്തിരുന്നു. ചില സമയങ്ങളിൽ അഴീക്കോട് മുഖ്യമായും തിരഞ്ഞെടുത്തിരുന്നു. അതിൽ തന്നെ കൗൺസ് കടവ് (ഇന്നത്തെ ലൈറ്റ് ഹൗസ്) പ്രധാന കച്ചവടപ്രദേശമായ് അക്കാലത്ത് മാറിയിരുന്നു. ഇവിടെ പല പ്രദേശങ്ങളിൽ നിന്നുമുള്ള കച്ചവടക്കാർ വന്നിരുന്നു. കച്ചവടത്തിനായ് മത്സ്യങ്ങൾ പന കൊണ്ട് നിർമ്മിച്ച കൊട്ടകളിലായിരുന്നു കൊണ്ടുവന്നിരുന്നത്. (വിവ

രങ്ങൾ നൽകിയത് ഇബ്രാഹിം, മത്സ്യ തൊഴിലാളി) മത്സ്യബന്ധനം നടത്തി അത് കച്ചവടത്തിനായ് എത്തുമ്പോൾ കച്ചവടം നടത്തിയിരുന്നത് തരകൻ എന്നറിയപ്പെടുന്ന ഇടനിലക്കാരനിലൂടെ ആയിരുന്നു. ഇയാൾക്ക് നൂറ്റ് രൂപ കച്ചവടത്തിന് ആറര രൂപ എന്ന നിലയിലായിരുന്നു പണം ലഭിച്ചിരുന്നത്. മത്സ്യം അധികമായി ലഭിക്കുന്ന സമയത്ത് കച്ചവടത്തിന് ശേഷം ബാക്കിയുള്ള മത്സ്യങ്ങൾ ഉപ്പ് ഇട്ട് ചാപ്പകളിൽ ഉണക്കി തൃശ്ശൂരിലേക്കും മറ്റും കയറ്റുമതി ചെയ്തിരുന്നു. ഇങ്ങനെ അയ്ക്കുന്നത് പ്രധാനമായും ചെറുമീനുകളും മാന്തളുമൊക്കെയായിരുന്നു. ആ കാലങ്ങളിൽ മീൻ പിടിക്കുന്നതിനായി ഉപയോഗിച്ചിരുന്നത് നൂൽ വലകളായിരുന്നു. പഞ്ഞിനൂലുകൾ, പരുത്തി നൂലുകൾ എന്നിവ വാങ്ങിച്ച് കറ കൊടുത്ത് (നിറം കൊടുത്ത്) മത്സ്യതൊഴിലാളികൾ സ്വന്തമായി തുന്നിയെടുത്ത വലകളായിരുന്നു നൂൽവലകൾ. (വിവരങ്ങൾ നൽകിയത് അബ്ദു മത്സ്യതൊഴിലാളി) വ്യത്യസ്ത മത്സ്യങ്ങൾക്കുവേണ്ടി പലതരത്തിലുള്ള വലകൾ നെയ്യുമായിരുന്നു. അയില വല, വട്ടവല, കൊല്ലി, ചാളവല എന്നിങ്ങനെയായിരുന്നു അവ. മീനുകളുടെ വലിപ്പം അനുസരിച്ച് വലകണ്ണിയിൽ മാറ്റം വരുത്തിയാണ് വല നിർമ്മിച്ചിരുന്നത്. വലയിൽ കറപിടിപ്പിക്കുന്നതിനായി പഞ്ഞിക്കാ എന്ന മരത്തിന്റെ കായയും പുഞ്ചയുമിട്ട് വെള്ളം ചൂടാക്കുകയും അതിലേക്ക് വലകൾ മുക്കിയിട്ടാണ് നിറം പിടിപ്പിച്ചിരുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ വലകൾക്ക് തരിപ്പ് ലഭിക്കുകയും ഈട് ഉണ്ടാകുകയും ചെയ്യുന്നു. മത്സ്യതൊഴിലാളികൾ വല നീട്ടിയിരുന്നത് വലകൾക്കിടയിൽ കല്ല് തൂക്കി ഇടുകയും മുകളിൽ ഇരുങ്ങണ എന്ന ഒരു തരം സ്പോഞ്ച് പോലുള്ള വസ്തു വടിവലയ്ക്ക് മുകളിലായ് കെട്ടിയിടുകയും ചെയ്താണ് മത്സ്യബന്ധനം നടത്തിയിരുന്നത്. തെങ്ങിൻ കൊയ്ഞ്ചൽ കൂട്ടമായി വെള്ളത്തിനടിയിലേക്ക് ഇറക്കി ചൂണ്ട ഇട്ടാണ് കൂന്തൾപോലുള്ള മത്സ്യങ്ങളെ പിടിച്ചിരുന്നത്. ആ കാലങ്ങളിൽ മത്സ്യതൊഴിലാളികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളോ വായ്പകളോ, അപകട ഇൻഷൂറൻസുകളോ ലഭിച്ചിരുന്നില്ല. 1986 ന് ശേഷമാണ് ഫിഷറീസ് വകുപ്പും ക്ഷേമനിധിയും മത്സ്യതെഴിലാളിക

ളുടെ പ്രശ്നങ്ങളിലേക്ക് കൂടുതൽ കടന്ന് ചെല്ലുവാനും മറ്റും തുടങ്ങിയത്. മത്സ്യ ത്തൊഴിലാളികൾ ആ കാലയളവിൽ സീസണനുസരിച്ചാണ് മത്സ്യബന്ധനം നടത്തി യിരുന്നത്. അതിനെ എരിവ് എന്നാണ് അവർ വിളിച്ചു പോന്നിരുന്നത്. ഇങ്ങനെ എരിവിന് പോകുന്ന സമയത്ത് മീൻകൂട്ടമായ് കൂടുകയും മീനുകൾ അധികമായ് ലഭിക്കുകയും ചെയ്യും എന്നാണ് മത്സ്യത്തൊഴിലാളികൾ പറഞ്ഞ് വരുന്നത്. ചില കാലാവസ്ഥക്കനുസരിച്ചാണ് എരിവിന് പോകുന്നത്. ആഗസ്റ്റ് മുതൽ ഒക്ടോബർ മാസങ്ങളിലാണ് എരിവിന് പോകുന്നത്. പുലർച്ചെ മത്സ്യബന്ധനം നടത്തുന്നതിനെ വെള്ളയ്ക്ക് പോക്ക് എന്നാണ് പറഞ്ഞിരുന്നത്. (വിവരങ്ങൾ നൽകിയത് ശേഖരൻ, മത്സ്യത്തൊഴിലാളി). അത് ഏകദേശം നാലുമണിക്ക് അടുത്താണ്. മത്സ്യമേഖലയിൽ ട്രോളിങ്ങ് ഉള്ള സമയത്ത് തികച്ചും ദുരിതപൂർണ്ണമായിരുന്നു മത്സ്യത്തൊഴിലാളിക ളുടെ അവസ്ഥ. എന്നിരുന്നാലും ആ സമയത്ത് പതിനഞ്ച് കിലോഗ്രാം അരി റേഷ നായി ലഭിച്ചിരുന്നു. അങ്ങനെയുള്ള സമയത്ത് ചെറിയ വഞ്ചികൾ മത്സ്യബന്ധനം നടത്തിയിരുന്നു.

ആദ്യ കാലങ്ങളിൽ രാത്രി സമയങ്ങളിൽ മത്സ്യബന്ധനം നടത്തിയിരുന്നപ്പോൾ പരസ്പരം തിരിച്ചറിയുന്നതിന് വേണ്ടി വഞ്ചികളിൽ ചൂട്ട് കത്തിക്കുമായിരുന്നു. അത് മുഖേന പല വഞ്ചിയിൽ മത്സ്യബന്ധനം നടത്തിയിരുന്നവർക്ക് വഞ്ചികൾ തിരിച്ചറി യാനും അത് പോലെ അവയിൽ നിന്ന് ദിശമാറി പോകാനും കഴിഞ്ഞിരുന്നു. രാത്രി കാലങ്ങളിൽ വെളിച്ചമില്ലായിരുന്നെങ്കിൽ പോലും മീനുകൾ ഒരു കൂട്ടായ്മ വരു മ്പോൾ വെള്ളത്തിലെ തെളിച്ചം മൂലം മീനുകളെ കാണാൻ അവർക്ക് കഴിഞ്ഞിരു ന്നു. അങ്ങനെ കാണുന്ന മീനുകളെ ചുറ്റിയാണ് രാത്രി സമയങ്ങളിൽ വല ഇട്ടിരുന്ന ത്. വല ഇടുന്നതിന് പ്രത്യേക ശൈലികൾ ഉണ്ടായിരുന്നു മീൻ കൂട്ടത്തെ നടുവി ലാക്കി അതിന് ചുറ്റും ആണ് വലവിരിച്ചിരുന്നത്. വല ഇടുന്നതിന് എല്ലാ വള്ളങ്ങ ളിലും ചാട്ടക്കാരൻ ഉണ്ടായിരുന്നു (വിവരങ്ങൾ നൽകിയത് ശേഖരൻ, മത്സ്യ തൊഴി ലാളി). അയാൾ വലയുടെ ഒരറ്റം പിടിച്ചു വെള്ളത്തിലേക്ക് ചാടി മീനിന് ചുറ്റും വല

വീശിയാണ് മത്സ്യബന്ധനം നടത്തിയിരുന്നത്.

മത്സ്യബന്ധനത്തിന് ഉപയോഗിച്ചിരുന്ന വഞ്ചികൾ ഏഴരകോൽ നീളമാണ് ഉണ്ടായിരുന്നത്. ഒരു കോൽ എന്നാൽ ഇരുപത്തിരണ്ട് ഇഞ്ച് ആണ്. വഞ്ചിയിൽ രണ്ട് പേർ തുഴയാനും ഒരാൾ വഞ്ചി നിയന്ത്രിക്കാനും ഉണ്ടാകും. വഞ്ചി നിയന്ത്രക്കുന്ന വ്യക്തിയെ അമരക്കാരൻ എന്നാണ് വിളിച്ചിരുന്നത്. (വിവരങ്ങൾ നൽകിയത് അലി, മത്സ്യതൊഴിലാളി). അയാളുടെ നിർദ്ദേശപ്രകാരമാണ് വഞ്ചി മുന്നോട്ട് പോയിരുന്നത്. അയാളുടെ സമ്മതത്തോടെ മാത്രമേ വല ഇട്ടിരുന്നുള്ളൂ. ചില പ്രത്യേക സമയങ്ങളിൽ തണ്ട് വലിച്ച് പോകുവാൻ കഴിയുമായിരുന്നില്ല. അങ്ങനെയുള്ള സമയങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾ പട്ടിണിയിൽ ആയിരുന്നു. അന്ന് മത്സ്യത്തൊഴിലാളികൾ കടലിൽ ഏകദേശം 5 കിലോമീറ്റർ വരെയാണ് പോയിരുന്നത് അവയെപാവം എന്നാണ് പറഞ്ഞിരുന്നത്. (വിവരങ്ങൾ നൽകിയത് അലി, മത്സ്യത്തൊഴിലാളി). വഞ്ചികൾ അഞ്ച് പാവം വരെ പോകുമായിരുന്നു. പായ വഞ്ചികൾ ഏകദേശം പത്ത് പാവം വരെ പോകുമായിരുന്നു. ഒരു റോപ്പിൽ കല്ല് കെട്ടി വെള്ളത്തിനടിയിലേക്ക് ഇടും എന്നിട്ട് അത് അടിയിലെത്തുന്ന സ്ഥലം മുതൽ അളന്നാണ് പാവം മനസ്സിലാക്കിയിരുന്നത്. പാവം കണ്ടിരുന്നത് എത്രയാണോ ആഴമുള്ളത് അത്രയും അകലം കരയിൽ നിന്ന് കടലിലേക്ക് ഉണ്ടായിരുന്നു. വഞ്ചികൾ അതത് കരകളിൽ നിന്ന് തന്നെയാണ് കടലിൽ പോയിരുന്നതും അതേ കരകളിൽ തന്നെയാണ് തിരിച്ച് കയറിയിരുന്നതും അതിനാൽ തന്നെ കടൽ ശക്തമായിരിക്കുന്ന സമയത്ത് മത്സ്യബന്ധനം നടത്തുന്നത് ദുഷ്കരമായിരുന്നു. മത്സ്യബന്ധനം നടത്തി വഞ്ചികൾ തിരികെ കരയിലേക്ക് എത്തിച്ചിരുന്നത് അതത് വഞ്ചികളിൽ തന്നെ മത്സ്യബന്ധനത്തിന് പോയിരുന്ന തൊഴിലാളികൾ തന്നെയാണ്. വഞ്ചിയുടെ രണ്ട് മൂലയിലും മുള കെട്ടി തോളിലേറ്റിയാണ് കരയിലേക്ക് കയറ്റിയിരുന്നത്, അങ്ങനെ വഞ്ചികൾ കയറ്റുന്നസമയത്ത് തൊഴിലാളികൾ ഒരു പ്രത്യേകതരം ശബ്ദമുണ്ടാക്കി ആവേശത്തോടെയാണ് വഞ്ചികൾ കയറ്റിയിരുന്നത്. അതിനെ ഹമ്പി എടുക എന്നാണ് പറയുക (വിവരങ്ങൾ നൽകി

യത് അലി, മത്സ്യത്തൊഴിലാളി). ഒരാൾ അത് ചൊല്ലുകയും, മറ്റുള്ളവർ അത് ഏറ്റു ചൊല്ലുകയുമാണ് ചെയ്തിരുന്നത്. ചില പ്രത്യേക സമയങ്ങളിൽ മത്സ്യലഭ്യത കുറവുള്ളപ്പോൾ മഴ ലഭിക്കുവാനും (മഴ പെയ്യുമ്പോൾ മത്സ്യങ്ങൾ കൂടുതലായും കടലിൽ കാണുവാൻ സാധിക്കും) ചാകര കൊയ്ത്ത് കിട്ടുന്നതിനായും മറ്റും കൂട്ടമായ പ്രാർത്ഥനയും മറ്റു ആചാരങ്ങളും നടത്തിയിരുന്നു. മത്സ്യത്തൊഴിലാളികളായ മുസ്ലീം വിഭാഗക്കാരുടെ ഇടയിൽ റാത്തീബ് കഴിപ്പിക്കുക എന്ന ചടങ്ങും, ഹിന്ദു മതസ്ഥരായ മത്സ്യതൊഴിലാളികളുടെ ഇടയിൽ അമ്പലത്തിൽ വിളക്ക് കഴിക്കുക എന്ന തരത്തിലുള്ള ചടങ്ങുകളും ഉണ്ടായിരുന്നു ( വിവരങ്ങൾ നൽകിയത് അബ്ദു, മത്സ്യത്തൊഴിലാളി). എല്ലാ മതസ്ഥരും ജാതിഭേദമില്ലാതെയാണ് റാത്തീബ്, വിളക്ക് കഴിക്കൽ മുതലായ ചടങ്ങുകളിൽ പങ്കെടുത്തിരുന്നത്. ഇങ്ങനെ മത്സ്യ ലഭ്യതയ്ക്കായി ചില ആചാരാനുഷ്ഠാനങ്ങൾ മത്സ്യതൊഴിലാളികൾ നടത്തിയിരുന്നു.

മുൻപ് സൂചിപ്പിച്ച പോലെ മീനിനെ വട്ടമിട്ട് മാത്രമല്ല പിടിച്ചിരുന്നത് കുറച്ച് വഞ്ചികൾ കൂടി ചേർന്ന് മീൻ കാണുന്ന സ്ഥലത്ത് വഞ്ചികളിലെ തുഴപങ്കായം വെച്ച് തല്ലി ശബ്ദമുണ്ടാക്കി മീനുകളെ വലയുള്ള ഭാഗത്തേക്ക് ഓടിച്ച് കയറ്റിയും മീൻ പിടിച്ചിരുന്നു. അങ്ങനെ മത്സ്യം പിടിക്കുമ്പോൾ നാൽപത് മുതൽ നാൽപത്തിയഞ്ച് ശതമാനം വരെ മീനുകളെ മാത്രമേ ലഭിക്കാൻ സാധ്യതയുള്ളൂ.

മത്സ്യതൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മീനുകളെ വാങ്ങുന്ന ഇടനിലക്കാർ കുറച്ച് മീനുകളെ ഉണക്കി കയറ്റുമതി ചെയ്തിരുന്നു. അതിന് വേണ്ടി മീനുകളെ കീറുക കോന്തുക എന്നിങ്ങനെ ചെയ്തതിന് ശേഷം ഉപ്പ് തേച്ച് പിടിപ്പിച്ച് ചാപ്പകളിൽ ഉണക്കി മാർക്കറ്റുകളിലേക്ക് ഓല കൊണ്ട് നിർമിച്ച കുട്ട (വല്ലം) കളിൽ എത്തിക്കുമായിരുന്നു. ചെറിയവല്ലങ്ങൾ മുതൽ നൂറ് കിലോവരെ മീൻ സൂക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള വല്ലങ്ങൾ വരെ ഉണ്ടായിരുന്നു. ഇങ്ങനെ മീനുകളെ ഉണക്കി സൂക്ഷിക്കുന്ന സ്ഥലങ്ങൾക്ക് പൊതുവെ ചാപ്പകൾ എന്നാണ് പറഞ്ഞിരുന്നത്.

ഇത്തരത്തിലുള്ള ചാപ്പകളിൽ മത്സ്യത്തൊഴിലാളികളുടെ വീടുകളിലെ

സ്ത്രീകൾ ആയിരുന്നു ജോലി ചെയ്തിരുന്നത്. ചാപ്പകളിൽ മീൻകീറി ഉപ്പ് തേയ്ക്കലും, ഉണക്കലും, വല്ലങ്ങളിൽ നിറയ്ക്കലും ഒക്കെയായിരുന്നു അവർ ചെയ്തിരുന്ന ജോലികൾ. അക്കാലത്ത് സ്ത്രീകളുടെ മറ്റു പ്രധാന തൊഴിലുകൾ കടലിൽ നിന്ന് കക്ക ശേഖരിക്കലും, ഇത്തൾ ശേഖരിക്കലുമായിരുന്നു. (വിവരങ്ങൾ നൽകിയത് ആമിന, മത്സ്യത്തൊഴിലാളി കുടുംബത്തിലെ സ്ത്രീ). കുമ്മായ നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഇത്തൾ വ്യവസായത്തിന് വേണ്ടിയും അന്നത്തെ സ്ത്രീകൾ ജോലി ചെയ്തിരുന്നു( വിവരങ്ങൾ നൽകിയത് തങ്കമ്മ, മത്സ്യതൊഴിലാളി കുടുംബത്തിലെ സ്ത്രീ). തങ്ങളുടെ വീടുകളിലെ ദുരിതപൂർണ്ണമായ അവസ്ഥ മാറ്റുന്നതിനും, പുരുഷന്മാർക്ക് ഒരു സഹായമാകാനും , അവരുടെ ജീവിതഭാരം കുറയ്ക്കുന്നതിനുവേണ്ടിയും ആയിരുന്നു സ്ത്രീകൾ അത്തരത്തിലുള്ള തൊഴിലുകളിലേക്ക് ഇറങ്ങിയിരുന്നത്. മീനുകൾ ഐസ് ഇട്ട് സൂക്ഷിക്കുന്ന രീതി വളർച്ച പ്രാപിച്ചിട്ടില്ലാത്ത ആ സമയത്ത് കച്ചവടം നടത്തി ബാക്കി വരുന്ന മീനുകൾ ഉപ്പിട്ടാണ് സൂക്ഷിച്ചിരുന്നത്. അത് പോലെ തന്നെ ചാള (മത്തി) പോലുള്ള ചെറിയ മീനുകൾ കൂടുതലായ് കിട്ടിയാൽ ഉപ്പിട്ട് കടപ്പുറത്തിട്ട് ഉണക്കി വല്ലം കെട്ടി അവ പുറം സ്ഥലങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. കോഴി തീറ്റക്കായും, അത് പോലെ തെങ്ങ് കൃഷി ചെയ്യുന്നവർക്ക് വളമായും കൊണ്ട് പോയിരുന്നു (വിവരങ്ങൾ നൽകിയത് കൊച്ചു കദീജ, മത്സ്യത്തൊഴിലാളി കുടുംബത്തിലെ സ്ത്രീ). കൊഴുവ, നന്ദൻ, ചാള പോലുള്ള ചെറുമീനുകളാണ് അവയ്ക്ക് ഉപയോഗിച്ചിരുന്നത്.

മത്സ്യബന്ധനത്തിൽ അന്ന് ഏർപ്പെട്ടിരുന്നവർ മത്സ്യബന്ധനം നടത്തിയിരുന്നത് വളരെ വൃത്തിയിലായിരുന്നു. തൊഴിലാളികൾ വൃത്തിയോട് കൂടി മാത്രമെ മത്സ്യബന്ധനം നടത്തിയിരുന്നുള്ളൂ. സ്വന്തം ശരീരം വൃത്തിയായ് സൂക്ഷിക്കാനും, മത്സ്യബന്ധനത്തിന് പോകുന്നതിന് മുൻപേ കുളിക്കാനും മറ്റും അവർ ശ്രദ്ധിച്ചിരുന്നു. അല്ലാത്തപക്ഷം അവർക്ക് അപകടം ഉണ്ടാകുമെന്നും. കടലമ്മ കോപിക്കുമെന്നുള്ള വിശ്വാസം അവർക്കിടയിൽ ഉണ്ടായിരുന്നു. അത് പോലെ ചില പ്രത്യേക സമയ

ങ്ങളിൽ, (വർഷാരംഭമാസം, ചാകരസമയം) മത്സ്യബന്ധനം നടത്തുന്നതിന് മുൻപേ തേങ്ങ ഉടച്ചിട്ടാണ് മത്സ്യബന്ധനത്തിനായി പോയിരുന്നത്. കാലാവസ്ഥ പ്രതികൂലമാകുന്നതുമൂലം മത്സ്യബന്ധനം നടത്താൻ കഴിയാത്ത അവസരങ്ങളിൽ മത്സ്യത്തൊഴിലാളികൾ ചാപ്പക്ക് മീൻ എടുക്കുന്ന ആളുകളിൽ നിന്നോ, വഞ്ചിയുടെ തരകൻമാരിൽ നിന്നോ, പണം കടം വാങ്ങിയാണ് നിത്യവൃത്തി കഴിച്ചിരുന്നത്. അതിന് കാരണം അവർക്ക് പുറം പണികൾ അറിയില്ലായിരുന്നു എന്നതാണ്. പരമ്പരാഗതമായി കിട്ടിയ മത്സ്യബന്ധനം മാത്രമെ അവർക്ക് വശം ഉണ്ടായിരുന്നുള്ളൂ. അത് പോലെ അഞ്ച് പേർ അടങ്ങുന്ന ചെറുവഞ്ചികളിൽ തൊഴിലിന് പോകുന്നവരിൽ ആരെങ്കിലും ഒരാൾ കുറവായാൽ അവർക്ക് മത്സ്യബന്ധനം നടത്താൻ സാധിച്ചിരുന്നില്ല.

ഓണം, വിഷു പോലുള്ള ആഘോഷങ്ങൾ പോലെയായിരുന്നു മത്സ്യതൊഴിലാളികൾക്ക് മലയാളമാസമായ ഇടവം പതിനഞ്ചാം തീയതി. അന്ന് മത്സ്യത്തൊഴിലാളികൾക്ക് വലിയ ആഘോഷമായിരിക്കും (വിവരങ്ങൾ നൽകിയത് അബ്ദു, മത്സ്യതൊഴിലാളി). അന്നത്തെ ദിവസം ആഘോഷിക്കാൻ പണം ഇല്ലെങ്കിൽ തരകൻമാർ പണം നൽകിയിരുന്നു. വീടുകളിൽ ഉണ്ടാക്കുന്ന കിഴങ്ങുപോലുള്ള വിഭവങ്ങൾ തങ്ങൾക്ക് കൂടി കഴിക്കാൻ തികയില്ല എന്നതിനാൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്നതിന് മുമ്പേ ചായക്കടകളിൽ നിന്ന് ഭക്ഷണം കഴിച്ചിരുന്നു. എന്നാൽ നിലവിൽ ചായക്കടകളിൽ കുടിശിക ഉള്ളവർക്ക് ഭക്ഷണം കൊടുത്തിരുന്നില്ല.അങ്ങനെ പട്ടിണി കിടന്നും അവർ മത്സ്യബന്ധനം നോക്കിയിരുന്നു. അങ്ങനെയൊക്കെയായിരിന്നിട്ടും ഇന്നത്തെ മത്സ്യത്തൊഴിലാളികളെ പോലെ കടങ്ങൾ അവർക്ക് ഉണ്ടായിരുന്നില്ല. അന്നന്നത്തെ ഉപജീവനം തൊഴിലിലൂടെ കഴിഞ്ഞ് പോയിരുന്നു. സമ്പാദ്യങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഇന്നത്തെപോലെ യന്ത്രങ്ങളോ, മണ്ണെണ്ണയോ ഉപയോഗിക്കാതെ പങ്കായം കൊണ്ടാണ് തൊഴിലിന് പോയിരുന്നത്. അതിനാൽ തന്നെ അത്തരത്തിലുള്ള അധിക ചിലവുകൾ ഉണ്ടായിരുന്നില്ല. കാലാകാലങ്ങളായ് മത്സ്യബന്ധനം നടത്തിയിരുന്നവർക്ക് ഒരിക്കലും ഉയർന്ന ജീവിതത്തി

ലേക്കെത്താൻ കഴിഞ്ഞിരുന്നില്ല. മത്സ്യബന്ധനത്തിലൂടെ ഓരോ ദിനങ്ങൾ കഴിഞ്ഞ് പോയതല്ലാതെ അതിൽ നിന്ന് സമ്പാദ്യം എടുത്തു വയ്ക്കുവാനോ നല്ല നിലയിലു ള്ള ജീവിതം കെട്ടിപടുക്കുവാനോ അവർക്ക് കഴിഞ്ഞിരുന്നില്ല. മത്സ്യമേഖലയിൽ നിന്ന് സമ്പാദിച്ച് ഉയർന്ന് വന്നിരുന്നത് ഇടനിലക്കാരായ തരകൻമാരും, ചാപ്പക്കാരും, മറ്റുമായിരുന്നു. കടലിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരി തപൂർണ്ണമായിത്തന്നെ തുടരുകയാണ് ചെയ്തത്.

# Chapter 3

## ആധുനിക മത്സ്യബന്ധനരീതികൾ

പരമ്പരാഗത മത്സ്യബന്ധന രീതിയിൽ നിന്ന് മത്സ്യത്തൊഴിലാളികൾ ആധുനിക മത്സ്യബന്ധന രീതിയിലേക്ക് മാറുന്നത് 1990 കളിലാണ്. യന്ത്രവൽകൃത വഞ്ചികളാണ് ആധുനിക രീതിയിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നത്. തൽഫലമായ് അവർ കൂട്ടം കൂടി അഴിമുഖത്തിലൂടെ യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ തുടങ്ങി. തൽഫലമായി മത്സ്യത്തൊഴിലാളികൾ മത്സ്യം വിൽക്കുന്നതിനും മറ്റും ഒരു പൊതു സ്ഥലം എന്നി നിലയിൽ ഹാർബറുകളെ ആശ്രയിക്കാൻ തുടങ്ങി. ആധുനിക രീതിയിൽ എത്തിയപ്പോൾ വഞ്ചികളിൽ വ്യത്യാസം വന്നു തുടങ്ങി മരത്തടിക്ക് പകരം ഇരുമ്പും, ഫൈബറും കൊണ്ട് നിർമ്മിച്ച വഞ്ചികൾ വന്നു. പല നീളത്തിലും വീതിയിലും ഉള്ളതായി അവ തരം തിരിക്കപ്പെടുകയും ചെയ്തു. മൂപ്പത് മുതൽ അൻപത് വരെ ആളുകൾ കൂട്ടമായി മത്സ്യബന്ധനത്തിന് പോകുന്നതിന് വലിയ ഇരുമ്പ് വള്ളങ്ങൾ ഉപയോഗിക്കുന്നു. 4 മുതൽ 7 വരെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നതായി ചെറിയ ഫൈബർ വള്ളങ്ങൾ ഉപയോഗിച്ച് കൊണ്ടിരുന്നു. ഇത് കൂടാതെ മത്സ്യബന്ധനത്തിന് വലിയ ഫിഷിങ്ങ് ബോട്ടുകൾ ഉണ്ട്. ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്ന വഞ്ചികളിൽ ഉയർന്ന സാങ്കേതിക വിദ്യകൾ ഉണ്ട്.

ആശയവിനിമയത്തിനായി മൊബൈൽ ഫോണും വയർലെസും ഉപയോഗിക്കുന്നു. ദിശ മനസ്സിലാക്കുന്നതിനായി ജി.പി.എസ്. ഉം കോമ്പസ്സും ഉപയോഗിക്കുന്നു. വെള്ളത്തിന്റെ ആഴം മനസ്സിലാക്കുന്നതിനും അടിത്തട്ടിലുള്ള മത്സ്യങ്ങളെ കാണാൻ പറ്റുന്നതിനായി എക്കോസൗണ്ടർ (വിവരങ്ങൾ നൽകിയത് ഷിഹാബ്, മത്സ്യത്തൊഴിലാളി ) ഉപയോഗിക്കുന്നു. (വിവരങ്ങൾ നൽകിയത് ഷിഹാബ്, മത്സ്യത്തൊഴിലാളി). മത്സ്യബന്ധനത്തിനായി ഇവർ ഉപയോഗിക്കുന്ന വലകൾ വ്യത്യസ്തമാണ്. ഫിഷിംഗ് ബോട്ടുകൾ വലിയ വലിയ വലകൾ ഉപയോഗിക്കുന്നു. വലിയ വള്ളങ്ങൾ

ഉപയോഗിക്കുന്നത് ഇരുപത്തിരണ്ട് എം. എം ന്റെ (മില്ലിമീറ്റർ) വലകളാണ്. ഒരു കണ്ണി യുടെ വലിപ്പമാണ് ഇരുപത്തിരണ്ട് എം. എം എന്നത്. ഇതിലും ചെറിയ വള്ളങ്ങൾ ഉപയോഗിക്കുന്നത് പതിനാറ് എം. എം ന്റെ വലകളാണ്. ചൂട, നത്തോലി, എന്നീ മീനുകൾ പിടിക്കുന്നതിനായി എട്ട്, ഒൻപത്, എം. എം വലകളാണ് ഉപയോഗിക്കു ന്നത്. ചെറിയ ഫൈബർ ബോട്ടുകൾ മീനുകളുടെ വലിപ്പത്തിനനുസരിച്ചാണ് വല കൾ ഉപയോഗിക്കുന്നത് . ഇതിൽ നാൽപത്തിയെട്ട്, അൻപത്, അൻപത്തി രണ്ട്, എം. എം വലകൾ ഉൾപ്പെടുന്നു. ഇതിനായ് ഉപയോഗിക്കുന്നത് നൈലോൺ വല, വൈശാലി വല, ചരടുവല എന്നിവയാണ് (വിവരങ്ങൾ നൽകിയത് രാജേഷ്, മത്സ്യ ത്തൊഴിലാളി).

നൂലിന്റെ കനം അനുസരിച്ച് വലകളെ അര, ഒന്ന്, ഒന്നര എന്നിങ്ങനെ വേർതി രിച്ചിരിക്കുന്നു. ചെറിയ ചെറിയ ഫൈബർ യന്ത്രങ്ങളുടെ ഇന്ധനത്തിനായ് മണ്ണെ ണ്ണയാണ് ഉപയോഗിക്കുന്നത്. വഞ്ചികളുടെ രജിസ്ട്രേഷൻ നമ്പറും യന്ത്രങ്ങളുടെ ചെലവും കാണിക്കുമ്പോൾ സർക്കാർ മണ്ണെണ്ണ ബാങ്കിൽ നിന്ന് പെർമിറ്റുകൾ നൽകു ന്നു. ആ പെർമിറ്റ് പ്രകാരം ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് ഇരുപത്തിയഞ്ച് രൂപ സബ്സി ഡിയായി നൽകുന്നു. ഇതുപ്രകാരം ചെറിയ ഫൈബറുകൾക്ക് നൂറ്റിനാൽപ്പത് ലിറ്റർ മണ്ണെണ്ണയാണ് ലഭിക്കുന്നത്. എന്നാൽ ഈ മണ്ണെണ്ണ അപര്യാപ്തമാണ്. അതിനാൽ മത്സ്യതൊഴിലാളികൾ ഇരട്ടി വിലകൊടുത്ത് പുറത്തു നിന്ന് മണ്ണെണ്ണ വാങ്ങേണ്ടി വരു ന്നു.

മത്സ്യവിപണനം എന്നത് പരമ്പരാഗത രീതിപോലെ തന്നെ ഇടനിലക്കാരൻ മുഖേനയാണ്. എന്നാൽ ആധുനിക രീതിയിലുള്ള പ്രത്യേകത എന്തെന്നാൽ ഒരു പാട് ഇടനിലക്കാരുണ്ടാകുന്ന ഹാർബറുകളിൽ വഞ്ചികൾ ഏതെങ്കിലും ഒരു ഇടനി ലക്കാരനെ സന്ദർശിക്കുകയും അയാളിൽ നിന്നും ഒരു നിശ്ചിത പണം വാങ്ങുകയും ചെയ്യും. പിന്നീടുള്ള കച്ചവടങ്ങൾ മുഴുവൻ ആ ഇടനിലക്കാരനിലൂടെ മാത്രമായി രിക്കും നടക്കുന്നത്. അയാളിൽ നിന്നും മാറി മറ്റൊരു ഇടനിലക്കാരനുമായി കച്ച

വടം നടക്കണമെങ്കിൽ വാങ്ങിയ തുക ഇടനിലക്കാരന് തിരിച്ചു നൽകി പുതിയ ഇട നിലക്കാരനുമായി കരാറിലേർപ്പെടണം. ഇടനിലക്കാരനെ പൊതുവെ തരകൻ എന്നാണ് പറയുന്നത്. (വിവരങ്ങൾ നൽകിയത് രാജേഷ്, മത്സ്യത്തൊഴിലാളി). കച്ച വടം നടത്തുമ്പോൾ വലിയ വലിയ വള്ളങ്ങൾ പന്ത്രണ്ട് ശതമാനവും ചെറിയ ഫൈബർ വള്ളങ്ങൾ എട്ട് ശതമാനവും കമ്മീഷനായി നൽകണം.

പണ്ട് കാലത്ത് ഉണ്ടായിരുന്ന പല മത്സ്യങ്ങൾക്കും ഇന്ന് വംശനാശം സംഭവി ച്ചിരിക്കുന്നു. പണ്ട് കാലത്ത് ഉണ്ടായിരുന്ന ഏട്ട പോലുള്ള മീനുകൾ ഇന്ന് കടലിൽ നിന്ന് കാണാതായിരിക്കുന്നു. ഇതിനുള്ള പ്രധാന കാരണം ഇടവേളകളില്ലാതെ രാത്രിയും, പകലും വലിയ ഫിഷിംഗ് ബോട്ടുകൾ നടത്തുന്ന മത്സ്യചൂഷണം തന്നെ യാണ്. എക്കോ സൗണ്ടർ മുഖേന മത്സ്യബന്ധനം നടത്തുമ്പോൾ കടലിന്റെ അടിത്ത ട്ടിലുള്ള കൂട്ടമത്സ്യങ്ങളെ ഒറ്റയടിക്ക് ടൺ കണക്കിന് മത്സ്യം ശേഖരിക്കുകയും ആവ ശ്യമുള്ളവയെടുത്ത് ബാക്കിയുള്ള ചെറുമീനുകളെയും മറ്റും പാഴ്വസ്തുക്കളായി പുറന്തള്ളുകയും ചെയ്യുന്നു. ടൺ കണക്കിന് മത്സ്യങ്ങളെ വിദേശകപ്പലുകൾ പിടി ക്കുമ്പോൾ ഏറ്റവും ചെറിയ മത്സ്യം മുതൽ ഏറ്റവും വലിയ മത്സ്യങ്ങൾ വരെ അതി ലുൾപ്പെടുന്നു. അവർക്കുള്ളതിന് ശേഷം ബാക്കിയുള്ളവ പുറന്തള്ളുമ്പോൾ കടൽ കൂടുതൽ മലീമസം ആകുന്നു. ഏത് രീതിയിൽ നോക്കിയാലും ഇന്നും മത്സ്യതൊഴി ലാളികൾ ഒട്ടനവധി കഷ്ടതകൾ നേരിടുന്നു.

ആധുനിക കാലത്താണ് മത്സ്യബന്ധന മേഖലയിൽ ട്രോളിങ്ങ് നിരോധനം സർക്കാർ നടപ്പിലാക്കുന്നത്. മത്സ്യങ്ങളുടെ പ്രത്യുൽപാദന സമയത്താണ് ട്രോളിങ്ങ് കർശനമാക്കുന്നത്. ട്രോളിങ്ങ് സമയങ്ങളിൽ വലിയ വലിയ വള്ളങ്ങൾക്കും, ബോട്ടു കൾക്കുമാണ് നിരോധനം. അതേ സമയം ചെറിയ വഞ്ചികൾ മത്സ്യബന്ധനം നടത്തി യിരുന്നു. പക്ഷെ ആ സമയങ്ങളിൽ കടൽ കൂടുതലായും പ്രക്ഷുബ്ധമാകുന്നതി നാൽ അവർക്കും മത്സ്യബന്ധനം നടത്തുന്നത് ദുസ്സഹമായിരുന്നു. അങ്ങനെയുള്ള സമയങ്ങളിൽ മത്സ്യത്തൊഴിലാളികൾ കഷ്ടപാടുകൾ അനുഭവിക്കുന്നു. ജീവിതം

ദുരിതപൂർണ്ണവും, ദുസ്സഹവുമായ് തീരുന്നു. സർക്കാരിന്റെ ഭാഗത്ത് നിന്ന് ആ സമയങ്ങളിൽ പ്രത്യേകം റേഷനും മറ്റും ഇവർക്ക് ലഭിക്കുന്നുണ്ട്. അത് കൂടാതെ മത്സ്യത്തൊഴിലാളികളുടെ കണക്ക് വിവരങ്ങൾ മറ്റും കൃത്യമായ് അറിയുവാനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുമായ് മത്സ്യഫെഡിന്റെ ആരംഭം കുറിക്കുകയുണ്ടായി. തന്മൂലം മത്സ്യത്തൊഴിലാളികൾ തൊഴിൽ ചെയ്യുന്നുണ്ട് . ഇവർക്ക് മേൽ പറഞ്ഞ ആനുകൂല്യങ്ങളോ, ഇൻഷുറൻസുകളോ, ഒന്നും തന്നെ ലഭിക്കുകയില്ല. മത്സ്യബന്ധനം നടത്തുന്ന സമയത്ത് അപകടങ്ങളിൽ പെടുകയോ ,മരണം സംഭവിക്കുകയോ ചെയ്താൽ മത്സ്യഫെഡിൽ അംഗമായിട്ടുള്ളവരുടെ കുടുംബത്തിന് ധനസഹായമായി പത്ത് ലക്ഷം വരെ ലഭിക്കും. എന്നാൽ മത്സ്യഫെഡിൽ അംഗമല്ലാത്തവർക്ക് യാതൊരുവിധ ആനൂകൂല്യങ്ങളും ലഭിക്കില്ല. അത് പോലെ തന്നെ മത്സ്യഫെഡിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക്, പഠന തലത്തിൽ സ്കോളർഷിപ്പുകൾ, പഠനോപകരണങ്ങൾ ഉയർന്ന വിദ്യഭ്യാസത്തിനുള്ള ആനുകൂല്യങ്ങൾ, ബിരുദപഠനം പൂർത്തിയാക്കുന്നവർക്ക് ഉപരിപഠനത്തിനായി ലാപ്ടോപ്പ് മുതലായ സൗകര്യങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ലഭിക്കുന്നുണ്ട്. ഇന്നത്തെ കണക്കനുസരിച്ച് എറിയാട് പഞ്ചായത്തിൽ രണ്ടായിരത്തി ഇരുനൂറ്റി പത്തൊൻപത് (2219) മത്സ്യത്തൊഴിലാളികൾ ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ ആണ്. ആയിരത്തിൽ പുറത്താളുകൾ അംഗത്വമെടുക്കാതെ മത്സ്യബന്ധനം നടത്തി വരുന്നുണ്ട്.

അത് പോലെ തന്നെ രണ്ടായിരത്തി അഞ്ചോട് കൂടി അഴിക്കോട് മേഖലയിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ തീരദേശ പോലീസ് സ്റ്റേഷൻ നിലവിൽ വന്നു. അത് മുഖേന കാലാവസ്ഥവ്യതിയാനങ്ങളെ കുറിച്ചുള്ള സൂചനകൾ മത്സ്യത്തൊഴിലാളികളിലേക്ക് പെട്ടെന്ന് തന്നെ എത്തിക്കുവാനും, പ്രത്യേകതരം ചുഴലിക്കാറ്റ് ഉണ്ടാകുമ്പോൾ ജാഗ്രതാ നിർദ്ദേശം മുൻകൂട്ടി നൽകാനും, അപകടത്തിൽപെട്ടവരെ ഉടനടി രക്ഷിക്കാനും മറ്റും സാധിച്ചിട്ടുണ്ട്. അത്യാധുനിക സംവിധാനത്തിലുള്ള വയർലെസ്സുകൾ എല്ലാ വള്ളങ്ങളിലും വഞ്ചികളിലും പതിവാക്കി. അവ കടലിലു

ള്ള അപായസൂചനകളെ ഉടൻ കരയിലറിയിക്കാൻ സഹായകമായ് തീർന്നു.

ഇന്ന് മത്സ്യതൊഴിലാളികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം എന്നത് മത്സ്യ ശോഷണമാണ്. എല്ലാ വഞ്ചികളും എക്കോ സൗണ്ടർ ഉപയോഗിക്കുക വഴി അടിത്ത ട്ടിലെ മീനുകളെ വരെ പിടിക്കുന്ന രീതിയാണ് ഇന്നുള്ളത്. തന്മൂലം മത്സ്യ കുഞ്ഞുങ്ങളെ വരെ പിടിക്കുന്ന അവസ്ഥാവിശേഷം സംജാതമായി. തന്മൂലം വൻതോ തിൽ മത്സ്യശോഷണം സംഭവിക്കുന്നു. പല തരത്തിലുള്ള മലിനീകരണപ്രവർത്തന ങ്ങൾ കടലിലെ വെള്ളത്തിന്റെ സ്ഥിതിയെ തന്നെ മാറ്റിമറിച്ചു. പ്ലാസ്റ്റിക്ക് മാലിന്യ ങ്ങൾ പുഴകളിലൂടെ ഒഴുകി കടലിലേക്ക് എത്തുന്നു. ഇത് മത്സ്യശോഷണത്തിന്റെ മറ്റൊരു കാരണമാണ്. മത്സ്യശോഷണം മത്സ്യമേഖലയെ ബാധിച്ചപ്പോൾ പല വീടുക ളിലേയും അവസ്ഥ ദുരിതപൂർണ്ണമായി തീർന്നു. അത് പോലെ ആധുനിക സാങ്കേ തിക വിദ്യ ഉപയോഗിക്കാൻ ആയി വാങ്ങിയ പല യന്ത്രങ്ങളും സബ്സിഡിയായും, അത് പോലെ ലോൺ എടുത്തുമാണ് വാങ്ങി ഉപയോഗിച്ചിരുന്നത്. ഇത്തരത്തിലു ള്ള മത്സ്യശോഷണം പോലുള്ള പ്രതിസന്ധി മത്സ്യത്തൊഴിലാളികളിൽ കൂടുതൽ കട ങ്ങളിലേക്ക് തള്ളിവിടുകയാണ് ചെയ്തത്. ഈ കാലത്തുള്ള മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗം ആളുകളും അത് കൊണ്ട് തന്നെ കടക്കാരായ് മാറിയിരിക്കുകയാണ്. ആദ്യകാലങ്ങളെ അപേക്ഷിച്ച് ഈയൊരു കാലത്ത് പല മത്സ്യത്തൊഴിലാളികളും സ്വന്തമായ് ചെറുവഞ്ചികൾ വാങ്ങിയിട്ടുള്ളവരാണ്. അവർതന്നെ അതിന്റെ ഉടമസ്ഥ രായ് വരുമ്പോൾ ഇത്തരത്തിൽ പറഞ്ഞ പലതരത്തിലുള്ള അധിക ചിലവുകൾ ഇവർക്ക് ഉണ്ടാകുന്നു. അത് പോലെ കടൽപന്നി (ഡോൾഫിൻ) കളുടെ ആക്രമണ ത്തിൽ വലകൾ കേടുവരുന്നു (വിവരങ്ങൾ നൽകിയത് ഉണ്ണി, മത്സ്യത്തൊഴിലാളി). അങ്ങനെ പല പ്രശ്നങ്ങളും മത്സ്യത്തൊഴിലാളികൾ നേരിടുന്നു. അവർ ആദ്യത്തെ അപേക്ഷിച്ച് കൂടുതൽ കടക്കാരായ് മാറി പോകുന്ന സാഹചര്യം ഇന്ന് കാണാൻ സാധിക്കും. ഇന്നത്തെ തലമുറയെ നോക്കിയാൽ മത്സ്യബന്ധന മേഖലയിലേക്ക് ഇറ ങ്ങുന്നവർ വളരെ ചുരുക്കം എന്ന് തന്നെ പറയുവാൻ സാധിക്കുകയുള്ളൂ. പുതു

തലമുറയിൽപെട്ട തീരദേശ നിവാസികളിൽ ഇരുപത് ശതമാനം ആളുകൾ മാത്രമാണ് ഇന്ന് മത്സ്യബന്ധനം നടത്തുന്നത്. അതിന് പലതരത്തിലുള്ള കാരണങ്ങൾ ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിലെ കുട്ടികൾക്ക് ഉയർന്ന വിദ്യഭ്യാസവും, അതിനുള്ള വഴിയും ഇന്ന് വളരെ എളുപ്പത്തിൽ തുറന്ന് കിട്ടിയതിനാൽ തന്നെ വളർന്ന് വരുന്ന വലിയ ഒരു തലമുറ ഇതിൽ നിന്ന് മാറി പോകുന്നു. അത് കൂടാതെ തങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളും ദുരിതപൂർണ്ണമായ ജീവിതവും തങ്ങളുടെ മക്കൾക്ക് വരാതിരിക്കാൻ പല മത്സ്യത്തൊഴിലാളികളും ശ്രദ്ധിച്ച് പോരുന്നു. തങ്ങളെ പോലെ ഒന്നും നേടാൻ കഴിയാതെ തങ്ങളുടെ മക്കളും കടക്കെണിയിൽ വീണ് പോകാതിരിക്കാനും അവർ ശ്രദ്ധിക്കുന്നു. മറ്റൊരു കാരണം മത്സ്യലഭ്യത കുറയുന്നതും തൊഴിൽ നഷ്ടമാകുന്ന സാഹചര്യവുമാണ്. അങ്ങനെയുള്ള ഒരു ജീവിതം ഉയർച്ചയിലേക്ക് എത്തിക്കാൻ പറ്റാത്ത ഈയൊരു തൊഴിലിലേക്കിറങ്ങാൻ ഇന്ന് പലരും മടിക്കുന്നു. എന്നാൽ നമ്മുടെ നാട്ടിൽ നിന്നുള്ളവരുടെ കുറവ് മാത്രമാണ് അത് എന്ന് പറയുവാൻസധിക്കും. കാരണം ഇന്ന് അഴീക്കോട് മേഖലയിൽ മത്സ്യബന്ധനം നടത്തുന്നവരിൽ ഒരു ഭാഗം ബംഗാളികളും, മറ്റൊരു വിഭാഗം കൊളച്ചൽ എന്നറിയപ്പെടുന്ന തമിഴ് വിഭാഗവുമാണ്. മത്സ്യ ബന്ധനത്തിലൂടെ ഇവർക്ക് സാമാന്യം ജീവിതങ്ങൾ കഴിഞ്ഞ് പോകുന്നുണ്ട്. പക്ഷെ ഇവിടുത്തെ ജനങ്ങളുടെ പ്രശ്നങ്ങളും, ജീവിതരീതികളും, ജീവിത ചിലവുകളും ആണ് കൂടുതലായും പുത്തൻ തലമുറയെ ഇതിൽ നിന്ന് അകറ്റി നിർത്തുന്നത്.

ഇന്നത്തെ മത്സ്യത്തൊഴിലാളി വീടുകളിലെ സ്ത്രീകൾ പരമ്പരാഗത രീതിയിലേത് പോലെ തന്നെ തങ്ങളുടെ കുടുംബം പട്ടിണിയിലേക്കും, മറ്റു വറുതിയിലേക്കും പോകാതിരിക്കാൻ ശ്രദ്ധിച്ചിരുന്നു. അതിനായ് അവർ ആദ്യകാലങ്ങളിൽ ചെയ്ത് പോലെ ചാപ്പ പണിയിലും, ഇത്തൾ ശേഖരണത്തിലും മാത്രം ഒതുങ്ങി നിൽക്കാതെ മറ്റു ജോലികളിലേക്കും, പുറം സമൂഹത്തിലേക്കും ഇറങ്ങി ചെല്ലുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് നമുക്ക് കാണുവാൻ സാധിക്കുന്നതാണ്. അയൽകൂട്ടങ്ങളുടെ

വരവും മറ്റും ഇവർക്കിടയിൽ വൻ മാറ്റങ്ങൾ ഉണ്ടാക്കി. സമ്പാദ്യശീലവും അത് പോലെ തന്നെ വായ്പ്പകളും ലളിതമായ രീതിയിൽ ലഭിക്കുകയുണ്ടായി. തൊഴിലുറപ്പ് പോലുള്ള തൊഴിലുകൾ ഇവരുടെ വീടുകളിലെ പട്ടിണിയെ മാറ്റാൻ വലിയ രീതിയിൽ തന്നെ സഹായകമായ് തീർന്നു. (വിവരങ്ങൾ നൽകിയത് നൂർജഹാൻ, മത്സ്യത്തൊഴിലാളി കുടുംബത്തിലെ സ്ത്രീ).

കേരളസർക്കാരിന്റെ കീഴിൽ മത്സ്യത്തൊഴിലാളി വീടുകളിലെ സ്ത്രീകൾക്ക് കച്ചവടം നടത്തുന്നതിനും മറ്റു പരിശീലനങ്ങളും, അത് പോലെ വലിയ രീതിയിലുള്ള വായ്പകളും അവരുടെ കുടിൽ വ്യവസായങ്ങൾക്ക് ലഭിക്കുകയുണ്ടായി. (വിവരങ്ങൾ നൽകിയത് അമ്പിളി, മത്സ്യത്തൊഴിലാളി കുടുംബത്തിലെ സ്ത്രീ). എങ്കിൽപോലും പൂർണ്ണമായ് മത്സ്യബന്ധന മേഖലയിലെ എല്ലാവരിലേക്കും ഇത് എത്തിക്കുവാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ തന്നെ പകുതിയിലേറെ മത്സ്യത്തൊഴിലാളി വീടുകളിൽ വലിയ രീതിയിലുള്ള മെച്ചം ഇതിൽ നിന്ന് ലഭിച്ചിരുന്നില്ല. കൊടുങ്ങല്ലൂർ എന്ന പ്രദേശം വികസനം പ്രാപിച്ച് വന്നൊരു സമയത്ത് ഒരു പാട് തൊഴിലവസരങ്ങൾ അവിടെ ഉയർന്നു വരുകയുണ്ടായി. അങ്ങനെയുള്ള തൊഴിലുകളിലേക്ക് അഴീക്കോട് എന്ന പ്രദേശത്തെ മത്സ്യമേഖലയിലെ സ്ത്രീകൾ വൻതോതിൽ തൊഴിൽ തേടി പോവുകയുണ്ടായി. മത്സ്യബന്ധന മേഖലയിൽ പട്ടിണിയും, മീൻ ലഭിക്കാത്ത അവസ്ഥയും വന്നിരുന്നപ്പോൾ ഒരു പരിധി വരെ അതിന് തടയിടാൻ ഇത്തരത്തിലുള്ള സ്ത്രീകളുടെ തൊഴിലുകൾക്ക് പറ്റുകയുണ്ടായി

ആദ്യകാലത്തെ അപേക്ഷിച്ച് മത്സ്യത്തൊഴിലാളികൾക്ക് കടങ്ങൾ കടുതലായ് ഈയൊരു കാലത്ത് വരുന്നു. അത് പോലെ തന്നെ മത്സ്യത്തൊഴിലാളികൾ വഞ്ചികളുടേയും വള്ളങ്ങളുടേയും ഉടമകളായ് മാറുന്നുണ്ടെങ്കിൽ പോലും ജീവിത വിജയം കൈവരിക്കാൻ അവർക്ക് കഴിയാതെ പോകുന്ന അവസ്ഥയുണ്ട്. കുതിച്ചു വളർന്ന് വരുന്നതും പണം സമ്പാദിക്കുന്നതും ഇന്നും മത്സ്യവിപണനത്തിലെ തരകൻമാർ ആണ്.

# Conclusion

എറിയാട് പഞ്ചായത്തിലെ പതിനായിരത്തിൽപരം കുടുംബങ്ങളിൽ ആയിരത്തിമുന്നൂറോളം കുടുംബങ്ങൾ മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ്. അതിൽ തന്നെ നിലവിൽ രണ്ടായിരത്തി ഇരുനൂറ്റിപത്തൊൻപത് മത്സ്യത്തൊഴിലാളികൾ ക്ഷേമനിധി ബോർഡിൽ അംഗത്വം ഇല്ലാത്ത  ആയിരത്തിലധികം ആളുകളും മത്സ്യബന്ധനം നടത്തി വരുന്നുണ്ട്. എന്നാൽ അംഗത്വം ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക്  ആനുകൂല്യങ്ങളും സഹായങ്ങളും അവരുടെ മക്കൾക്ക് വിദ്യഭ്യാസ ധനസഹായങ്ങളും ലഭിക്കില്ല. അതിനാൽ തന്നെ ഇവരുടെ രജിസ്ട്രേഷൻ ഉറപ്പാക്കാനുള്ള ശ്രമം നടത്താൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾ കർക്കശമായ നിയമങ്ങൾ പാലിക്കപ്പെടേണ്ടതിനാൽ പൂർത്തീകരിക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇതുമൂലം മത്സ്യത്തൊഴിലാളികൾക്ക് പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഇന്ന് നേരിടേണ്ടി വരുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കായി അനുവദിച്ചുകിട്ടുന്ന സബ്സിഡിയും മറ്റു പദ്ധതികളും പലപ്പോഴും അവർക്ക് കൃത്യമായി പ്രയോജനപ്പെടുന്നില്ല. അതിനാൽ തന്നെ മത്സ്യത്തൊഴിലാളികൾക്ക് ഭീമമായ തുക മുതൽമുടക്കി മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങേണ്ടി വരുന്നു. അങ്ങനെ മത്സ്യത്തൊഴിലാളികൾ വലിയ കടക്കെണിയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ നിലവിൽ വഞ്ചികളിൽ യന്ത്രങ്ങളുടെ ഉപയോഗത്തിന് ധാരാളം മണ്ണെണ്ണ ആവശ്യമായി വരുന്നുണ്ട്. വളരെ തുച്ഛമായ വിഹിതമാണ് സബ്സിഡിയിനത്തിൽ ലഭിക്കുന്നത്. ബാക്കി വേണ്ടുന്നത് കരിഞ്ചന്തയിൽ വാങ്ങി മത്സ്യബന്ധനം നടത്തേണ്ടുന്ന അവസ്ഥയാണ് ഇന്നുള്ളത്. വല നശിപ്പിക്കപ്പെടുമ്പോൾ ആ വലകൾ പുനർനിർമ്മിക്കാൻ വേണ്ടി വരുന്ന ചെലവ് പോലും കണ്ടെത്താൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്.

പരമ്പരാഗതമായ സാംസ്ക്കാരിക സ്ഥിതി അനുസരിച്ച് നാലോ, അഞ്ചോ ജന്മികളുടെ ഉടമസ്ഥതയിൽ മാത്രമായിരുന്നു മത്സ്യബന്ധന ഉപകരണങ്ങൾ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് വലിയൊരു വിഭാഗം മത്സ്യതൊഴിലാളികളും മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകളായി മാറിക്കഴിഞ്ഞിരിക്കുന്നു. സാമൂഹ്യഘടനയിൽ വന്ന മാറ്റങ്ങളും ഗൾഫ് കുടിയേറ്റങ്ങളും സാമ്പത്തിക മേഖലകളിൽ ഒട്ടാകെ സ്വാധീനം ചെലുത്തി മത്സ്യബന്ധന മേഖലയിലും ഈ ഘടകങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അത്തരത്തിൽ വളർച്ച കൈവരിച്ചിട്ടുപോലും ദിനംപ്രതി കടവും തൊഴിലിലെ അനിശ്ചിതത്വവും കൂടി വരുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.

പുതുതലമുറ മത്സ്യബന്ധമെന്ന തൊഴിലിനോട് വിമുഖത കാണിക്കുന്ന ഒരു അവസ്ഥാവിശേഷം ഇന്ന് ഉണ്ട്. വിദ്യാഭ്യാസം നേടുന്നതോടുകൂടി തീരദേശവാസികൾ പരമ്പരാഗത മത്സ്യബന്ധനം ഉപേക്ഷിച്ച് മറ്റു പല തൊഴിലിലേക്കും തിരിയുന്നു. മത്സ്യബന്ധനത്തെ അന്തസ്സില്ലാത്ത തൊഴിലായി പുറം സമൂഹം കാണുന്നതാണ് ഇത്തരം ഒരു അവസ്ഥയ്ക്ക് കാരണം.

അശാസ്ത്രീയമായ ട്രോളിംഗ് രീതികളും വൻകിട കുത്തകളുടെ മത്സ്യബന്ധനരീതികളും പരമ്പരാഗത മത്സ്യതൊഴിലാളികളെ ദോഷകരമായ രീതിയിൽ ബാധിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതും വലിയൊരു വെല്ലുവിളിയാണ്.

തൊഴിൽപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മത്സ്യതൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. കടൽത്തീരത്തുള്ളവരും മത്സ്യബന്ധനമെന്ന തൊഴിലിൽ ഏർപ്പെടുന്നവരും മാറ്റിനിറുത്തപ്പെടേണ്ടവരല്ലെന്ന ധാരണ രൂപപ്പെട്ടുവരണം. കടപ്പുറത്തെ ജീവിതരീതിയും സംസ്ക്കാരവും തൊഴിൽ രീതികളും സമൂഹത്തിനു മുന്നിൽ കൃത്യമായി വിശകലനം ചെയ്താൽ മാത്രമേ സമൂഹത്തിന് അവരെക്കുറിച്ചുള്ള ധാരണയ്ക്ക് മാറ്റം വരൂ. അത്തരം ഒരു ഉദ്യമമാണ് ഈ പ്രബന്ധം. ആ നിലയിൽ തുടർപഠനങ്ങൾക്കുള്ള സാധ്യതകൾകൂടി ഈ പ്രബന്ധം തുറന്നിടുന്നുണ്ട്.

## ഗ്രന്ഥസൂചി

വിദ്യാസാഗർ കെ. 2011, നമ്മുടെ നാട്ടറിവുകളും പഴഞ്ചൊല്ലുകളും കടംകഥകളും, ഡി. സി. ബുക്സ് പബ്ലിക്കേഷൻസ്.

## ആവേദകർ

### പരമ്പരാഗത മത്സ്യത്തൊഴിലാളികൾ

1. അബ്ദു, 69, പള്ളിപ്പറമ്പിൽ, മത്സ്യത്തൊഴിലാളി
2. അലി, 61, കളത്തിൽ, മത്സ്യത്തൊഴിലാളി
3. ഇബ്രാഹിം, 58, കളത്തിൽ, മത്സ്യത്തൊഴിലാളി
4. ശേഖരൻ, 70, ഊർക്കൊലിൽ, മത്സ്യത്തൊഴിലാളി

### ആധുനിക മത്സ്യത്തൊഴിലാളികൾ

1. ഉണ്ണി, 38, തോടാത്ര, മത്സ്യത്തൊഴിലാളി
2. ജെനീഷ്, 42, ചെരുവിൽ, മത്സ്യത്തൊഴിലാളി
3. രാജേഷ്, 42, തയ്യിൽ, മത്സ്യത്തൊഴിലാളി
4. ഷിഹാബ്, 44, പള്ളിപ്പറമ്പിൽ, മത്സ്യത്തൊഴിലാളി

### മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾ

1. അമ്പിളി, 35, തോടാത്ര
2. ആമിന, 56, പള്ളിപ്പറമ്പിൽ
3. കൊച്ചുഖദീജ, 57, കളത്തിൽ
4. തങ്കമ്മ, 62, ചെരുവിൽ
5. നൂർജഹാൻ, 39, അറയ്ക്കൽ
6. ഷാനി, 39, ഊർക്കൊലിൽ

(ഇവർ ഉപജീവനാർത്ഥം മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്)

**അനുബന്ധം**



**പരമ്പരാഗത രീതിയിൽ മരത്തടി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന രീതി**



കൈപങ്കായം ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന രീതി



**ആധുനിക രീതിയിലുള്ള ഫിഷിംഗ് ബോട്ടുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധരീതി**



ആധുനിക രീതിയിലുള്ള ഫൈബർ വഞ്ചികളിലെ മത്സ്യബന്ധനരീതി